'ഭരണഭാഷ- മാതൃഭാഷ'

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ശുചിത്വമിഷനിൽ അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ (ഐ.ഇ.സി), അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ (എസ്.ഡബ്ല്യൂ.എം) എന്നിവയുടെ 14 വീതം തസ്തികകൾ സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(കൈ) നം.72/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 23/06/2019

---

പരാമർശം:- ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 16.06.2018, 17.12.2018 തീയതികളിലെ 1782/ബി/2016/എസ്.എം. നം. കത്തുകൾ.

**ഉത്തരവ്**

ശുചിത്വ മിഷന്റെ കീഴിലുള്ള മാലിന്യ സംസ്കരണ പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് ജില്ലാ മിഷൻ ഓഫീസുകളിൽ ആവശ്യമായ ജീവനക്കാരുടെ കുറവ് പ്രതികൂലമായി ബാധിക്കുന്നുവെന്നും, ഹരിത കേരള മിഷന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്ന ഈ ഘട്ടത്തിൽ അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ മാരുടെ 28 തസ്തികകൾ (ഐ.ഇ.സി- 14 , എസ്.ഡബ്ല്യൂ.എം-14) സൃഷ്ടിക്കണമെന്നും അംഗീകൃത തസ്തികയല്ലാത്ത അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ തസ്തികകളിൽ ഇതുവരെ നടത്തിവന്ന അന്യത്ര സേവന നിയമനങ്ങൾക്ക് സാധൂകരണവും ആയതിന് ക്രമവൽകരണവും നൽകണമെന്നും ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശ കത്തുകൾ പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ശുചിത്വ മിഷനിൽ 27,800- 59,400 രൂപാ ശമ്പള സ്കെയിലിൽ അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ (ഐ.ഇ.സി) ന്റെ 14 തസ്തികകളും, 30,700- 65,400 രൂപാ ശമ്പള സ്കെയിലിൽ അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ (എസ്.ഡബ്ല്യൂ.എം) ന്റെ 14 തസ്തികകളും സൃഷ്ടിച്ചുകൊണ്ടും ടി തസ്തികകളിലേക്ക് അന്യത്ര സേവന വ്യവസ്ഥയിൽ നിയമനം നടത്തുന്നതിന് അനുമതി നൽകിക്കൊണ്ടും ഉത്തരവാകുന്നു. അതോടൊപ്പം ശുചിത്വ മിഷനിൽ തസ്തിക സൃഷ്ടിച്ചിട്ടില്ലാതിരുന്ന അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ (ഐ.ഇ.സി) തസ്തികയിലും അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ (എസ്.ഡബ്ല്യൂ.എം) തസ്തികയിലും അന്യത്ര സേവന വ്യവസ്ഥയിൽ നിയമനം നൽകിയിരുന്ന നടപടി സാധൂകരിച്ചും ആയത് അന്യത്ര സേവന നിയമനമായി കണക്കാക്കി ക്രമീകരിച്ചും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**റ്റി.കെ.ജോസ്**
**അഡീഷണല് ചീഫ് സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ) (എൽ.ബി.എ) കേരളം, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ, ഐ.&.പി.ആർ.ഡി

ധനകാര്യ (ഡെവ.) വകുപ്പ് ( ഡെവ-1/256/2018-ഫിൻ പ്രകാരം)

പൊതുഭരണ (എസ്.സി.)വകുപ്പ് ( [illegible]

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ